


# വിചിന്തനം

നവംബർ 2021

‘‘ഇതുവരെ ഭൂമിയിലേക്കുവന്നവരെല്ലാം ജീവിക്കാനായിരിക്കണം ആഗ്രഹിച്ചിട്ടുണ്ടാകുക, ക്രിസ്തുവൊഴകെ. അവൻ വന്നതു മരിക്കാനായിരുന്നു. മഹാൻമാരെ സംബന്ധിച്ചുപോലും മരണം തങ്ങളുടെ ലക്ഷ്യത്തെ തടയുന്ന ഒന്നായിരുന്നു. അവരുടെ മഹനീയമായ ദൗത്യങ്ങൾക്കെല്ലാം അന്ത്യം കുറിക്കുകയാണ് മരണം ചെയ്തത്. എന്നാൽ ക്രിസ്തുവിനെ സംബന്ധിച്ച് മരണം അവന്റെ ലക്ഷ്യവും ജീവിതത്തിന്റെ പൂർത്തീകരണവുമായിരുന്നു. ക്രിസ്തു അന്വേഷിച്ചുകൊണ്ടിരുന്ന നിധിയായിരുന്നു മരണം’’. (ഫുൾട്ടൻ ജെ. ഷീൻ, ലൈഫ് ഓഫ് ക്രൈസ്റ്റ്)

മരണയാതനകളുടെ ആ സ്നാനം സ്വീകരിക്കുന്ന തുവരെ താൻ ഞെരുങ്ങുകയാണെന്ന് ക്രിസ്തു പറഞ്ഞതിന്റെ പൊരുളെന്തായിരിക്കും (ലൂക്ക 12,50)? സ്നേഹത്തിന്റെ അൾത്താരയിൽ ബലിയർപ്പിക്കപ്പെടുന്ന കുഞ്ഞാടാകാൻ അവൻ ഇത്രയും കൊതിച്ചതെന്തിന്? സ്വാർഥതയുടെ വരിഞ്ഞുമുറുക്കുന്ന ചങ്ങലകളിൽനിന്ന് നാം രക്ഷപ്പെടണമെന്ന അവന്റെ അതിരറ്റ ആഗ്രഹമായിരുന്നില്ലേ ഇതിനെല്ലാം പിന്നിൽ? ‘‘ആടുകളെപ്പോലെ നാം വഴിതെറ്റിപ്പോയി നാമോരോരുത്തരും സ്വന്തം വഴിക്കുപോയി. നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവന്റെമേൽ ചുമത്തി’’ (ഏശ 53,6). സ്വർഗത്തിൽനിന്ന് പുറത്താക്കപ്പെട്ട സാത്താനിൽ തുടങ്ങിയ ഈ അനുസരണക്കേടും തന്നിഷ്ടംതേടലും ആദിമാതാപിതാക്കളിലൂടെ മനുഷ്യകുലത്തിന്റെ മൊത്തം സ്വഭാവവിശേഷമായി മാറുകയായിരുന്നു. സന്തോഷം കണ്ടെത്താനുള്ള വ്യഗ്രതയിൽ ദൈവത്തെ മറന്ന് അവൻ തന്റെ വഴിയേ നീങ്ങുന്നു.എന്നാൽ തീർത്തും നിഷ്ഫലമായ ആ യാത്രയിൽ അവൻ എത്തിപ്പെടുന്നത് അസഹനീയമായ അസംതൃപ്തിയിലേക്കും അരക്ഷിതാവസ്ഥയിലേക്കുമാണ്.മനുഷ്യന്റെ ഈദുരവസ്ഥയിൽ ദൈവത്തിന്റെ മനസ്സലിഞ്ഞു. മനുഷ്യനെ രക്ഷിക്കാൻ അവിടന്ന് ഒരു പദ്ധതിയുണ്ടാക്കി. ആർച്ച്ബിഷപ്പ് ഷീൻ വ്യക്തമായി പറയുന്നു ‘‘അഹങ്കാരത്താൽ മറുതലിക്കുകയും തന്നിഷ്ടത്തിൽ ജീവിക്കുകയും ചെയ്യുന്ന ഈ ലോകം അനുസരണയെന്ന മൂല്യം പഠിക്കുവാനായിരുന്നു കർത്താവ് മൂന്നു മണിക്കൂർ കുരിശിൽ യാതന അനുഭവിക്കുകയും മൂന്നുവർഷം പഠിപ്പിക്കുകയും മുപ്പതുവർഷം പൂർണമായ അനുസരണയിൽ ജീവിക്കുകയും ചെയ്തത്’’.

ജ്ഞാനസ്നാനമെന്ന കൂദാശയിൽ നാം ക്രിസ്തുവിന്റെ മരണത്തിൽ പങ്കുചേരുകയാണ്. ഇതിന്റെ അടയാളമായാണ് ജ്ഞാനസ്നാന വേളയിൽ നാം ജലത്തിൽ മുങ്ങുന്നത്. നമ്മിലെ അനുസരണക്കേടുനിറഞ്ഞ, പാപിയായ മനുഷ്യൻ അവിടെ മരിക്കുന്നു. ജലത്തിൽനിന്ന് ഉയർത്തപ്പെടുന്നയാൾ അനുസരണയുടെ ഒരു പുതിയ ജീവിതത്തിലേക്കാണു പ്രവേശിക്കുന്നത്. പൗലോസ് ശ്ലീഹാ ഈ സത്യം ശക്തമായി പ്രഘോഷിക്കുന്നുണ്ട്. ‘‘ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടുന്ന് എല്ലാവർക്കുംവേണ്ടി മരിച്ചത്’’ (2 കോറി 5,15). നാം നമുക്കുവേണ്ടി ജീവിക്കുന്നതിനു പകരം നമ്മുടെ ജീവിതത്തിനു പൂർണത നൽകാൻ കഴിയുന്ന ദൈവത്തിനുവേണ്ടി ജീവിക്കേണ്ടതിനാണ് ക്രിസ്തു മരണത്തെ പുൽകിയത്. അപ്പോൾ നാം നമ്മോടു ചോദിക്കേണ്ട ചോദ്യമിതാണ്. ഇനിമേൽ ജീവിതം നമുക്കുവേണ്ടിയോ ക്രിസ്തുവിനുവേണ്ടിയോ?

നമുക്കു വിധിക്കപ്പെട്ട കുരിശുമരണമാണ് ക്രിസ്തു സ്വയം ഏറ്റെടുത്തതെന്നും അവന്റെ ഉത്ഥാനത്തിന്റെ ശക്തിയാണ് നമ്മിലേക്ക് ചൊരിയപ്പെട്ട കൃപയെന്നും മനസ്സിലാക്കുന്ന നിമിഷമാണ് ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിലെ ഏറ്റവും നിർണായക സമയം. സ്വാർഥതയെ മാത്രം താലോലിച്ചു സന്തോഷം കണ്ടെത്താനുള്ള ശ്രമത്തിൽനിന്ന് മോചിതനായി അതിനോട് ഒരിക്കലും തുലനം ചെയ്യാനാകാത്തവിധം മഹത്തരമായ ഒന്നിലേക്ക് ഒരാൾ എത്തിപ്പെടുന്നത് ഈ തിരിച്ചറിവിന്റെ ഫലമാണ്. ക്രിസ്തുവിനെപ്രതി എല്ലാം നഷ്ടപ്പെടുത്താനും ഉച്ഛിഷ്ടം പോലെ കരുതാനും അപ്പോൾ അയാൾക്കു സാധിക്കും. ഇനി അയാൾ സ്വയം സ്നേഹിക്കുന്നതുപോലും ക്രിസ്തുവിനുവേണ്ടിയായിരിക്കും. പക്വതയാർന്ന സ്നേഹത്തിൽ അയാൾ വളരും. ലോകത്തെയും ശരീരത്തിന്റെ മോഹങ്ങളെയും പിന്തുടരാനുള്ള തൃഷ്ണകളെ അയാൾക്കു നിയന്ത്രിക്കാനാകും. പൗലോസിനെപ്പോലെ അയാളും ചില തിരഞ്ഞെടുപ്പുകൾ നടത്തും. ‘‘എല്ലാം എനിക്കു നിയമാനുസൃതമാണ്. എന്നാൽ എല്ലാം പ്രയോജനകരമല്ല; എല്ലാം എനിക്കു നിയമാനുസൃതമാണ്; എന്നാൽ, ഒന്നും എന്നെ അടിമപ്പെടുത്താൻ ഞാൻ സമ്മതിക്കുകയില്ല.’’(1 കോറി 6,12). ദൈവമഹത്വത്തിനായി താൻ ചെയ്യുന്ന ഓരോകാര്യവും കൂടുതൽ മികച്ചതാക്കാൻ അയാൾ ശ്രദ്ധാലുവായിരിക്കും. ദൈവപുത്ര സ്ഥാനത്തേക്കുറിച്ച് അയാൾക്ക് എന്നും ആനന്ദമുണ്ടാകും. ‘‘അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ തിരുമനസ്സു നിറവേറണമേ’’ എന്ന പ്രാർഥന ആ ഹൃദയത്തിൽ നിലയ്ക്കില്ല.

നാം ഇടറിവീഴുന്ന സമയങ്ങളുണ്ടാകാം. ഈ വിളി നമുക്കുവേണ്ടിയല്ല എന്നു തോന്നിത്തുടങ്ങുന്ന സന്ദർഭങ്ങൾ. അപ്പോൾ നാം നമ്മിലേക്കുനോക്കിയാൽ പരിഹാരം ലഭിക്കില്ല. പകരം ക്രിസ്തുവിലേക്കാണു നോക്കേണ്ടത്. കൂടുതൽ ക്ഷമിക്കപ്പെടുമ്പോൾ കൂടുതൽ നാം സ്നേഹിക്കാൻ തുടങ്ങും. വിലകൂടിയ സുഗന്ധതൈലം യേശുവിന്റെ പാദങ്ങളിൽ പൂശിയ സ്ത്രീയുടെ പ്രവൃത്തിയും യേശുവിൽനിന്ന് അവൾക്കു ലഭിച്ച പ്രശംസയുടെ വചനങ്ങളും നമ്മെത്തന്നെ പൂർണമായി ദൈവത്തിനു നൽകുന്നതിലേക്കാണു വിരൽ ചൂണ്ടുന്നത്. നമ്മുടെ വെള്ളക്കൽഭരണിയിലെ വിലപിടിച്ച തൈലത്തിൽ ഒരു തുള്ളിപോലും നമ്മിലേക്കു വീഴ്ത്താതെ പൂർണമായും അവനെ അഭിഷേകം ചെയ്യാനായി മാറ്റിവയ്ക്കാം. നമ്മുടെ ജീവിതങ്ങളിലും ശുശ്രൂഷകളിലുമെല്ലാം ക്രിസ്തുവിനെ ദൃശ്യമാക്കാനായാൽ അതാണ് ജീവിതത്തിന്റെ പൂർണത.

വിശുദ്ധ ഇഗ്നേഷ്യസ് ലയോള പഠിപ്പിച്ചതുപോലെ (സ്പിരിച്വൽ എക്സർസൈസ്) ക്രൂശിൽ മരിച്ച ക്രിസ്തുവിനെ നമുക്കു ധ്യാനിക്കാം. എന്തുകൊണ്ടാണ് സൃഷ്ടാവ് വെറുമൊരു സൃഷ്ടിയായതെന്നും അമർത്യനായവൻ മർത്യനായതെന്നും നമുക്കു ചിന്തിക്കാം. നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ച ഈ സ്നേഹത്തിന്റെ വെളിച്ചത്തിൽ നമുക്ക് നമ്മിലേക്കൊന്നു നോക്കാം. അവൻ നമുക്കുവേണ്ടി മരിച്ചപ്പോൾ നമ്മൾ അവനുവേണ്ടി എന്താണു ചെയ്തത്, എന്താണു ചെയ്തുകൊണ്ടിരിക്കുന്നത്, എന്താണു ചെയ്യേണ്ടത്! ഈ സ്നേഹം നമ്മെ പ്രചോദിപ്പിക്കുകയാണ്. നമുക്ക് അരമുറുക്കി, വിശുദ്ധരുടെ ഗണത്തോടു ചേർന്ന് പ്രഖ്യാപിക്കാം. ‘‘ഞങ്ങൾ ജീവിക്കുന്നെങ്കിൽ കർത്താവിനുവേണ്ടി ജീവിക്കുന്നു’’ അപ്പോൾ സ്വാർഥതയുടെ ഇരുളിലേക്കു വീണുപോയ ലോകത്തിൽ ക്രിസ്തുവിന്റെ സുഗന്ധമാകാൻ നമുക്കു സാധിക്കും.

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*